കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2008-2009 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.19, 2008-2009 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8, 2010 – 2011 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18, 2009-2010 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾ-സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.219/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,21.01.2016

---

പരാമർശം : 1. പെരുവയൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06.01.2014 – തിയതിയിലെ എ 7-11307/13 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 12.03.2015 – തിയതിയിലെ എം3/7236/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18.11.2015 – തിയതിയിലെ എൽ.എഫ്.5178/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്നുള്ള 30.01.2008 – ലെ 75326/എഫ്.എം1/07/ത.സ്വ.ഭ.വ നമ്പർ സർക്കുലർ നിർദേശത്തിനു വിരുദ്ധമായി പഞ്ചായത്ത് കെട്ടിടത്തിന്റെ ഒന്നാം നില റീവയറിംഗിന്, കൃഷി ഭവൻ ഒന്നാം നില റീവയറിംഗിന് എന്ന് തെറ്റായി കാണിച്ച് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചത് തെറ്റായ നടപടിയായതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണെന്ന് കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2008-2009 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.19 പ്രകാരം നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് മുൻപ് താഴത്തെ നിലയിലാണ് പ്രവർത്തിച്ചിരുന്നതെന്നും മുകളിലത്തെ നില കൃഷി ഭവൻ കെട്ടിടമായി ഉപയോഗിക്കുവാൻ തന്നെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ മുകളിലത്തെ നിലയിലേക്ക് പഞ്ചായത്ത് കെട്ടിടം മാറ്റുകയായിരുന്നുവെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തി മാപ്പാക്കി ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ

സർക്കാർ സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് മരുന്ന് വാങ്ങുന്നതിനായി 10% മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാമെന്നുള്ള സർക്കാർ ഉത്തരവിനെ മറികടന്ന് 46,550 രൂപാ 2008 – 2009 കാലയളവിലും 1,36,700 രൂപാ 2010 – 2011 കാലയളവിലും പഞ്ചായത്ത് ചെലവഴിച്ചത് 2008-2009 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8, 2010 – 2011 – ലെ - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. മറ്റ് ഫണ്ടുകളൊന്നും ആവശ്യത്തിന് തികയാതിരുന്ന സാഹചര്യത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതെന്നും പഞ്ചായത്തിലെ പാവപ്പെട്ട രോഗികൾക്ക് സഹായകരമാം വിധം നടപ്പിലാക്കിയ പദ്ധതിയായതിനാൽ ഇക്കാര്യത്തിലും സർക്കാർ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്നുള്ള 30.01.2008 – ലെ 75326/എഫ്.എം1/07/ത.സ്വ.ഭ.വ നമ്പർ സർക്കുലർ നിർദേശത്തിനു വിരുദ്ധമായി പഞ്ചായത്ത് കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചത് തെറ്റായ നടപടിയായതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണെന്ന് 2009-2010 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് മുൻപ് താഴത്തെ നിലയിലാണ് പ്രവർത്തിച്ചിരുന്നതെന്നും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതിനു ശേഷം മുകളിലത്തെ നിലയിലേക്ക് പഞ്ചായത്ത് കെട്ടിടം മാറ്റുകയായിരുന്നുവെന്നും ആയതിനാൽ ഇക്കാര്യത്തിലും സർക്കാർ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം

രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുവയൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ കത്ത് എന്നിവയിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2008-2009 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.19, 2008-2009 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8, 2010 – 2011 – ലെ - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18, 2009-20010 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ പഞ്ചായത്തിന്റെ യഥാക്രമമുള്ള 1,09,255 (ഒരു ലക്ഷത്തി ഒൻപതിനായിരത്തി ഇരുനൂറ്റി അൻപത്തിയഞ്ച് രൂപാ), 46,550 രൂപാ (നാൽപ്പത്തിയാറായിരത്തി അഞ്ഞൂറ്റിയൻപത് രൂപാ), 2,99,441 രൂപാ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നാനൂറ്റി നാൽപ്പത്തിയൊന്ന് രൂപാ), 1,36,700 രൂപാ (ഒരു ലക്ഷത്തി മുപ്പത്തിയാറായിരത്തി എഴുനൂറ് രൂപാ) എന്നിവയുടെ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, പെരുവയൽ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ